മുണ്ടയ്ക്കൽ ആയുർവേദ ഡിസ്പെൻസറി

163 (821)ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചീക്കോട് പഞ്ചായത്തിലെ മുണ്ടയ്ക്കൽ പ്രദേശത്ത് ആയുർവേദ ഡിസ്പെൻസറി തുടങ്ങാനുള്ള ഡയറക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ അവിടെ ഡിസ്പെൻസറി ആരംഭിക്കാൻ അനുമതി നൽകുമോ?

ഉത്തരം

(എ) പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള 1999-2000 സാമ്പത്തിക വർഷത്തെ നിർദ്ദേശങ്ങളിൽ മുണ്ടയ്ക്കലും ഉൾപ്പെടുത്തിയിരുന്നു.

(ബി) ഈ സാമ്പത്തിക വർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആരംഭിക്കണം എന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

ഇൻസക്ട് കളക്ടേഴ്സിന്റെ ഒഴിവുകൾ

164 (822)ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ കീഴിലുള്ള എൻ.എഫ്.സി.പി.യൂണിറ്റുകളിൽ ഇപ്പോൾ എത്ര ഇൻസക്ട് കളക്ടേഴ്സിന്റെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിൽ അർഹതയുള്ള ഫീൽഡ് വർക്കേഴ്സിന് പ്രൊമോഷൻ നൽകാതിരിക്കാൻ കാരണം വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ മൈനർ പോർട്ടിന്റെ നിർമ്മാണം

165 (823)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മൈനർ പോർട്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കു മുന്നോടിയായിട്ടുള്ള പഠനങ്ങൾ പൂർത്തിയാക്കി പരിസ്ഥിതി സംബന്ധമായ അനുമതി ലഭിച്ചാലുടനെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

സർവ്വീസ് ബുക്കിൽ ജനന തീയതി തിരുത്തുവാൻ നടപടി

166 (660)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് ബുക്കിൽ ജനന തീയതി തിരുത്തുവാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർട്ടിഫിക്കറ്റിൽ ജനന തീയതി തിരുത്തിയിട്ടും സർവ്വീസ് ബുക്കിൽ തിരുത്താതിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് എന്തുകൊണ്ടാണെന്നു വെളിപ്പെടുത്തുമോ;

(ഡി) സർട്ടിഫിക്കറ്റിൽ ജനന തീയതി തിരുത്താൻ അപേക്ഷ നൽകുന്നതിനോടൊപ്പം സർവ്വീസ് ബുക്കിലും തിരുത്തിക്കിട്ടുവാൻ ഒരേ സമയം അപേക്ഷ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30.12.1991 ലെ ജി.ഒ(പി) നമ്പർ 45/91/പി.ആന്റ്.എ.ആർ.ഡി ഉത്തരവ് പ്രകാരമാണ് സർവ്വീസ് ബുക്കിലെ ജനന തീയതി തിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. (സർക്കാർ ഉത്തരവിന്റെ പകർപ്പ്) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി)&(സി) സ്കൂൾ റിക്കോർഡിൽ ജനന തീയതി തിരുത്തിയശേഷം നിശ്ചിത സമയ പരിധിക്കുള്ളിൽ സർവ്വീസ് ബുക്കിലെ ജനന തീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നവരുടെ അപേക്ഷ പരിഗണിച്ച് സർവ്വീസ് ബുക്കിലെ ജനന തീയതി തിരുത്തുന്നതിനു മാത്രമേ വ്യവസ്ഥയുള്ളു. സ്കൂൾ റിക്കാർഡുകളിൽ ജനന തീയതി തിരുത്തിയെന്നതുകൊണ്ടു മാത്രം സർവ്വീസ് ബുക്കിൽ ജനന തീയതി തിരുത്തണമെന്നില്ല. ഓരോ അപേക്ഷയുടെയും അർഹത പരിശോധിച്ചു മാത്രമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

(ഡി) സ്കൂൾ റിക്കാർഡിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് ബുക്കിൽ ജനന തീയതി രേഖപ്പെടുത്തുന്നത്. ആയതിനാൽ സ്കൂൾ റിക്കാർഡിൽ ജനന തീയതി തിരുത്തിയശേഷം പ്രസ്തുത രേഖകളോടു കൂടി സമർപ്പിക്കുന്ന അപേക്ഷകളിൽ മാത്രമേ സർവ്വീസ് ബുക്കിലെ ജനന തീയതി

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly